(ഇ) കർഷകർക്കു സൗജന്യമായി നെൽവിത്തു വിതരണം, രാസവള സബ്സിഡി, കീടനാശിനി സബ്സിഡി എന്നീ ഇനങ്ങളിലാണ് സഹായം നൽകിയിട്ടുള്ളത്. ഹെക്ടറിന് 100 കിലോ എന്ന തോതിൽ കുട്ടനാട്ടിലെയും കോൾ നിലങ്ങളിലെയും കർഷകർക്കും ഹെക്ടറിന് 80 കിലോഗ്രാം എന്ന തോതിൽ മറ്റു പ്രദേശങ്ങളിലും നെൽവിത്ത് വിതരണം ചെയ്തിട്ടുണ്ട്. ഹെക്ടറിനു 35% രാസവള സബ്സിഡിയും 66⅔% സബ്സിഡിയോടുകൂടി കീടനാശിനിയും വിതരണം ചെയ്തിട്ടുണ്ട്.

(എഫ്) നിലവിലുള്ള മാനദണ്ഡമനുസരിച്ചുതന്നെ സഹായം നൽകുവാൻ പണത്തിന്റെ അഭാവത്തിൽ ബുദ്ധിമുട്ട് നേരിടുന്നുണ്ട്. അതിനാൽ നിലവിലുള്ള മാനദണ്ഡം തിരുത്തി സഹായം ലഭ്യമാക്കാൻ ബുദ്ധിമുട്ടുണ്ട്.

ചേളന്നൂർ, തലക്കുളത്തൂർ, നൻമണ്ട, അത്തോളി പഞ്ചായത്തുകളിൽ വാഴകൃഷി നഷ്ടപ്പെട്ടവർക്ക് സഹായം

613 [833] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ ചേളന്നൂർ, തലക്കുളത്തൂർ, നൻമണ്ട, അത്തോളി പഞ്ചായത്തുകളിൽ ഈ വർഷമുണ്ടായ കൊടുങ്കാറ്റുമൂലം വാഴകൃഷി നഷ്ടപ്പെട്ട കൃഷിക്കാർക്ക് സാമ്പത്തിക സഹായം വല്ലതും ചെയ്യുകയുണ്ടായോ;

(ബി) ചെയ്തുവെങ്കിൽ എത്ര രൂപ ഈ ഇനത്തിൽ ചെലവാക്കി എന്ന് വെളിപ്പെടുത്താമോ;

(സി) സഹായധനം നൽകിയില്ലെങ്കിൽ എന്ന് അത് നൽകാൻ കഴിയും?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) പ്രകൃതിക്ഷോഭംമൂലം കൃഷിനാശം വന്നവർക്ക് ധനസഹായം നൽകുന്നതിലേക്കായി കൂടുതൽ തുക അനുവദിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്. കൂടുതൽ തുക അനുവദിക്കുന്ന മുറയ്ക്ക് കൃഷിക്കാർക്ക് സഹായം നൽകുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നതാണ്.

വാഴരോഗങ്ങൾക്ക് പ്രതിവിധി

614 [834] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാഴയെ ബാധിക്കുന്ന രോഗങ്ങൾക്ക് പ്രതിവിധി കണ്ടുപിടിക്കുന്നതിന് ഗവേഷണങ്ങൾ നടക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര കാലമായി നടക്കുന്നു ;

(സി) ഏതെല്ലാം സ്ഥലങ്ങളിൽ ;

(ഡി) എന്തെങ്കിലും പ്രതിവിധി കണ്ടുപിടിക്കാൻ കഴിഞ്ഞിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly